ISSUE: 132
KCA weekly E-news bulletin ● Dated 22-06-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക



**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

# മാസ്റ്റർ ക്ലാസ് ജൂൺ 25ന് തിരുവനന്തപുരത്ത്

**ജൂൺ** മാസം 25-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ നിങ്ങളുടെ ലോകം പണിയൂ എന്ന മാസ്റ്റർ ക്ലാസ് നടക്കും. വൈകീട്ട് 4 മുതൽ 6 വരെ ഈ രംഗത്ത് ഉണ്ടാകുന്ന ജോലി സാധ്യതകളെ കുറിച്ചുള്ള കരിയർ ഗൈഡൻസ് ചർച്ചയും ഒരുക്കുന്നുണ്ട്. തിരുവനന്തപുരം ടെക്നോ പാർക്കിലെ ടൂൺസ് അനിമേഷനുമായി ചേർന്നാണ് മാസ്റ്റർ ക്ലാസും, കരിയർ ഗൈഡൻസ് ചർച്ചയും കേരള കാർട്ടൂൺ അക്കാദമി സംഘടിപ്പിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അനിമേഷൻ രംഗത്തും കാർട്ടൂൺ രംഗത്തും ഡിസൈൻ രംഗത്തും പ്രവർത്തിക്കുന്നവർക്ക് ഏറെ ഉപകാരപ്രദമാകുന്ന സംവാദ പരിപാടി യാണ് ഒരുക്കുന്നത്. എ.ഐ. സാങ്കേതിക വിദ്യ ഉപയോഗിച്ച് വരകളെ എങ്ങിനെ മനോഹരമാക്കാമെന്നും, അനിമേഷൻ രംഗത്തെ നൂതന വിദ്യകളും, വി.എഫ്.എക്സും പരിചയപ്പെടുത്താൻ അതാത് രംഗത്തെ പ്രമുഖരാണ് എത്തുന്നത്. മേഘന തിരുമലശ്ശേരി, അരുൺ ശശി, അജയ് കുമാർ ശ്രീനിവാസൻ എന്നിവരാണ് ക്ലാസുകൾ നയിക്കുന്നത്.

വിഷ്വൽ ഇഫക്റ്റ്സ് (വി.എഫ്.എക്സ്) എന്നത് സിനിമ നിർമ്മാണ ത്തിലും വീഡിയോ നിർമ്മാണത്തിലും ലൈവ്ആക്ഷൻ ദൃശ്യങ്ങളും കമ്പ്യൂട്ടർ ജനറേറ്റഡ് ഇമേജറി (സി.ജി.ഐ)യും സംയോജിപ്പിച്ച് ദൃശ്യങ്ങൾ സൃഷ്ടിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്ന പ്രക്രിയയാണ്. യഥാർത്ഥ ജീവിതത്തിൽ ചിത്രീകരിക്കാൻ വളരെ ചെലവേറിയതോ അപകടകരമോ അസാധ്യമോ ആയ യാഥാർത്ഥ്യ സദൃശമായ പരിസരങ്ങൾ, ജീവികൾ, അല്ലെങ്കിൽ സംഭവങ്ങൾ സൃഷ്ടിക്കാൻ ഇത് ഉപയോഗിക്കുന്നു.

മാസ്റ്റർ ക്ലാസിലേയ്ക്കുള്ള പ്രവേശനം സൗജന്യമാണ്. പക്ഷെ രജിസ് ട്രേഷൻ നിർബന്ധമാണ്. അക്കാദമി അംഗങ്ങൾ ഇവിടെ കൊടുക്കുന്ന ഗൂഗിൾ ഫോമിൽ പേരുകൾ രജിസ്റ്റർ ചെയ്യുവാൻ താല്പര്യപ്പെടുന്നു. അക്കാദമി അംഗങ്ങളല്ലാത്ത താത്പര്യമുള്ളവർക്ക് 9249494908, 9074945757, 9995176899 എന്നീ ഏതെങ്കിലും നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്ത് പങ്കെടുക്കാം. ജൂൺ 24 ന് രജിസ്ട്രേഷൻ സമാപിക്കും. ●

https://forms.gle/tm9e62N5Q9Wydqff7

**രതീഷ് രവി** (ഫോൺ: 9895109702)
കൺവീനർ, 'മാസ്റ്റർ ക്ലാസ് ' കേരള കാർട്ടൂൺ അക്കാദമി

# ജൂൺ 26ന് ധാരണാപത്രം ഒപ്പുവെയ്ക്കും

**കാർട്ടൂൺ** കോമിക്ക് സ്ക്രിപ്റ്റ് / കാർട്ടൂൺ / അനിമേഷൻ എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടത്തുന്നതിന് കേരള കാർട്ടൂൺ അക്കാദമിയും കൊച്ചിയിലെ രാജഗിരി കോളേജ്

ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലയ്ഡ് സയൻസും ജൂൺ 25 ന് ധാരണാപത്രം ഒപ്പിടും. കാർട്ടൂൺ അക്കാദമി ജൂൺ 26 ന് കൊടുക്കുന്ന പാനലിൽ നിന്നാകും രാജഗിരി കോളേജ് ക്ലാസെടുക്കാൻ ക്ഷണിക്കുക. ക്ലാസെടുക്കുന്ന കാർട്ടൂണിസ്റ്റിന് പ്രതിഫലം രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലയ്ഡ് സയൻസ് നേരിട്ട് കൊടുക്കും. ധാരണാപത്രം ഒപ്പുവെയ്ക്കുന്ന ചടങ്ങിനെ തുടർന്ന് ലാങ്ക്വേജ് ഓഫ് കാർട്ടൂൺ എന്ന വിഷയത്തിൽ പാനൽ ഡിസ്ക്കഷനും ഉണ്ടാകും. കെ. ഉണ്ണികൃഷ്ണൻ, സുധീർനാഥ്, സജ്ജീവ് ബാലകൃഷ്ണൻ, അനൂപ് രാധാകൃഷ്ണൻ, രതീഷ് രവി എന്നിവരാണ് പാനൽ ഡിസ്ക്കഷനിൽ പങ്കെടുക്കുക.. ●

## നിരത്തിൽ ചോര വീഴാതിരിക്കാൻ കാർട്ടൂൺ ബോധവൽക്കരണം, കുട്ടികൾക്കായി മത്സരം

**റോഡപകടങ്ങൾ** ഇല്ലാത്ത അധ്യയന വർഷത്തിനായി വരയിലൂടെ  ബോധവൽക്കരണം സംഘടിപ്പിക്കാൻ കേരള കാർട്ടൂൺ അക്കാദമി. എല്ലാ അധ്യായന വർഷങ്ങളിലും നിരവധി അപകടങ്ങളിൽ  ജീവനുകൾ പൊലിയുന്നുണ്ട്. ഇതിനെതിരെ പ്രതിരോധം തീർക്കാനാണ് കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം നടത്തുന്നത്.

കേരള കാർട്ടൂൺ അക്കാദമി ആൾ ഇന്ത്യ മലയാളി അസോസിയേഷനുമായി (എയ്മ) ചേർന്നാണ് സ്ക്കൂൾ, കോളേജ് തലത്തിലുള്ളവർക്കും യുവ കാർട്ടൂണിസ്റ്റുകൾക്കുമായി ട്രാഫിക്ക് ബോധവത്ക്കരണ കാർട്ടൂൺ മത്സരം നടത്തുന്നത്. അപകടമില്ലാത്ത പുതിയ അദ്ധ്യായന വർഷം ലക്ഷ്യമിട്ടാണ് മത്സരത്തിന് വിഷയം നൽകിയത്. 2026 ജൂൺ 30 വരെ രചനകൾ അയക്കാം. ഇരു വിഭാഗങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് 10,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, രണ്ടാം സ്ഥാനം നേടുന്നവർക്ക് 7,500 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, മൂന്നാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, പത്ത് പേർക്ക് പ്രോത്സാഹന സമ്മാനമായി പ്രശസ്തി പത്രവും, സമ്മാന പുസ്തകവും നൽകും.2026 ജൂലൈ 5ന് മത്സര ഫലം പ്രഖ്യാപിക്കും.

**ഒരാൾക്ക് മൂന്ന് രചനകൾ വരെ അയക്കാം.**

ഇമെയിൽ വഴിയാണ്  അയക്കേണ്ടത്. 17 വയസ് വരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും, 18 വയസ് മുതൽ 25 വയസ് വരെ ഉള്ളവരെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തും. രചനകൾ അയക്കുന്ന ഇമെയിലിനൊപ്പം രചയിതാവിന്റെ പേര്, വയസ്, വിലാസം, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ, വയസ് തെളിയിക്കുന്ന രേഖ എന്നിവ ചേർത്തിരിക്കണം. ●

രചനകൾ അയക്കേണ്ട വിലാസം: cartooncontest2026@gmail.com
മധുസ്, കോഡിനേറ്റർ, കാർട്ടൂൺ മത്സരം 2026, 9446587968




## ഹോനോഹോനുമൊത്ത് ഫൺ റൺ തിരുവനന്തപുരത്ത്

**2026** ഏഷ്യൻ ഗെയിംസിന്റെ ഭാഗ്യചിഹ്നമായ ഹോനോഹോനുമൊത്ത് ഫൺ റൺ തിരുവനന്തപുരത്ത് ജൂൺ 23ന് വൈകിട്ട് നാലുമണിക്ക് നടക്കും. തിരുവനന്തപുരത്താണ് ഇന്ത്യയിൽ ആദ്യമായി ഹോനോഹോൻ എത്തുന്നത്. ജപ്പാനിലെ ഐച്ചിനഗോയിൽ നടക്കുന്ന 20-ാം ഏഷ്യൻ ഗെയിംസിന്റെ ഔദ്യോഗിക മാസ്കോട്ടാണ് ഹോനോഹോൻ. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നിന്ന് സെൻട്രൽ സ്റ്റേഡിയത്തിലേയ്ക്കാണ് ഫൺ റൺ. ●


KERALA CARTOON ACADEMY
TOONZ ACADEMY
BUILD YOUR WORLD
WORKSHOP ON ANIMATION | VFX | GAME DEVELOPMENT
Learn. Explore. Create. Inspire.
25TH JUNE 2026 THURSDAY
9:30 AM TO 4:00 PM
YMCA HALL TRIVANDRUM
EXPERT TALKS
SPEAKERS
MEGHANA TIRUMALASETTY
Co-Founder
Little Black Star
Visual Effects(LBS)
ARUN SASI
Lead UX Analyst
Leader - Friends of Figma
Reflections, Technopark
AJAY KUMAR SRINIVASAN
Head of Esports | Gaming
Academic Department - IICT
Indian Institute of Creative Technologies, Mumbai
WHAT YOU CAN EXPECT
INDUSTRY INSIGHTS
LIVE DEMOS & PRACTICAL SESSIONS
CAREER GUIDANCE & OPPORTUNITIES
NETWORK WITH EXPERTS
CAREER GUIDANCE SESSION FROM 4:30 PM - 6:00 PM
For Registration
REGISTER NOW
9249494908
9074945757 9995176899
VISIT OUR WEBSITE
www.toonzacademy.com

# തത്സമയ കാരിക്കേച്ചർ മെട്രോയിൽ

**കൊച്ചി** മെട്രോയും വാട്ടർ മെട്രോയും ചേർന്ന് 'വരയും വർത്തമാനവും' എന്നപേരിൽ യാത്രക്കാരുടെ തത്സമയ കാരിക്കേച്ചറുകൾ വരച്ചുനൽകി. യാത്രക്കാരുമായി കൂടുതൽ ബന്ധം സ്ഥാപിക്കുന്നതിനും പൊതുഗതാഗത സംവിധാനങ്ങളെ കൂടുതൽ ജനകീയവും സാംസ്കാരിക അനുഭവങ്ങളുമായി ബന്ധിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. കേരള കാർട്ടൂൺ അക്കാദമി ട്രഷറർ പരിപാടിയുടെ ഭാഗമായി. ●



# വായന കളരിയും, കാർട്ടൂൺ ശിൽപശാലയും

**കേരള** സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള എല്ലാ ഗ്രന്ഥശാലകളിലും വായനാ കളരികൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി അടൂർ, വടക്കടത്തുകാവ് പബ്ലിക് ലൈബ്രറിയിലും പരിപാടി സംഘടിപ്പിച്ചു. കേരള കാർട്ടൂൺ അക്കാദമി നിർവാഹകസമിതി അംഗം മോഹന കുമാരൻ നായരുടെ നേതൃത്വത്തിൽ കാർട്ടൂണുകളെ പരിചയപ്പെടുത്തി കൊണ്ടുള്ള ശില്പശാലയും വായനാ കളരിയുടെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ●




പുസ്തക പരിചയം

# സ്പോർട്ട്സ് കാർട്ടൂൺസ്


ഗുജ്ജാർ

**ഗുജ്ജാർ** എന്നറിയപ്പെടുന്ന ബി.ജി. ഗുജ്ജാരപ്പ കേരള കാർട്ടൂൺ അക്കാദമിയുടെ വിവിധ പരിപാടികളിൽ എത്തുകയും, സൗഹൃദം പുലർത്തുകയും ചെയ്യുന്ന കർണാടകയിൽ നിന്നുള്ള കാർട്ടൂണിസ്റ്റാണ്. 37 വർഷത്തിലേറെയായി വിവിധ മാധ്യമ സ്ഥാപനങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഇന്ത്യയിലെ ബാംഗ്ലൂരിലുള്ള സ്വന്തം സ്റ്റുഡിയോയിൽ ജോലി ചെയ്യുന്നു. ഗുജ്ജാർ പലപ്പോഴായി വരച്ചിട്ടുള്ള സ്പോർട്സ് കാർട്ടൂണുകളുടെ സമാഹാരമാണ് ഈ പുസ്തകം. കായിക രംഗത്ത് സംഭവിക്കുന്ന രസകരമായ അനുഭവങ്ങൾ അദ്ദേഹം വളരെ തന്മയത്വത്തോടുകൂടി ചിത്രീകരിച്ചിരിക്കുന്നു. ഈ പുസ്തകത്തിൽ ഉൾ പ്പെടുത്തിയിരിക്കുന്ന കാർട്ടൂണുകളെല്ലാം തന്നെ വിവിധ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്ക




പ്പെട്ടവയാണ്. കായിക രംഗത്ത് കാർട്ടൂണുകൾ വളരെ അപൂർവ മായി മാത്രമാണ് ഇന്ത്യയിൽ രചിക്ക പ്പെടുന്നത് എന്നുള്ളതും ഈ പുസ്തകത്തിന്റെ വിശേഷണങ്ങളിൽ ഒന്നായിരിക്കും.

ചരിത്ര അദ്ധ്യാപകനായിട്ടായിരുന്നു ഗുജ്ജാർ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. കാർട്ടൂണിസ്റ്റായി ലങ്കേഷ് പത്രികയിൽ ഗുജ്ജാർ ചേരുന്നതോടെയാണ് ഈ രംഗത്ത് പ്രശസ്തമാകുന്നത്. തന്റെ തനതായ കാർട്ടൂണിങ്ങും ചിത്രീകരണ ശൈലിയും കൊണ്ട് കന്നഡ വായനക്കാർക്കിടയിൽ പെട്ടെന്ന് ഇടം നേടി. കർണാടകയിലെ മുൻനിര മാധ്യമ ബ്രാൻഡുകളായ ഡെക്കാൻ ഹെറാൾഡിലും പ്രജാവാണിയിലും ഏകദേശം 15 വർഷത്തോളം അദ്ദേഹം തുടർന്നു. ചിത്രീകരണങ്ങൾ, രാഷ്ട്രീയ കാർട്ടൂണുകൾ, കാരിക്കേച്ചറുകൾ എന്നിവയിൽ തന്റെ കൈകൾ പരീക്ഷിച്ചു. കുട്ടി കൾക്കായി എഴുത്തും ചിത്രീകരണവും നടത്തുക എന്ന തന്റെ പ്രിയപ്പെട്ട ഹോബിയും അദ്ദേഹം പിന്തുടർന്നു. നിരവധി ദേശീയ, അന്തർദേശീയ അവാർഡുകൾ അദ്ദേഹത്തിന് ലഭിച്ചു. തൊണ്ണൂറുകളുടെ അവസാനത്തിൽ അദ്ദേഹം സംവേദനാത്മക ഗ്രാഫിക്സിന്റെയും മൾട്ടി മീഡിയയുടെയും ലോകത്തേക്ക് പ്രവേശിച്ചു. മൂന്ന് പതിറ്റാണ്ടുകളായി നിരവധി ചിത്രരചനാ ശൈലികളിൽ പരീക്ഷണം നടത്തിയ ശേഷം, കഴിഞ്ഞ 10 വർഷമായി ചിത്രകലയ്ക്കായി വിപുലമായി സമയം നീക്കിവയ്ക്കാൻ ഗുജ്ജാർ കോർപ്പറേറ്റ് ജീവിതത്തിൽ നിന്ന് പുറത്തു വന്നു. പ്രധാനമന്ത്രിമാർ, മുഖ്യമന്ത്രിമാർ, ഗവർണർമാർ, നോബൽ സമ്മാന ജേതാക്കളായ ശാസ്ത്രജ്ഞർ എന്നിവരുടെ ശേഖരത്തിൽ അദ്ദേഹത്തിന്റെ ചിത്രങ്ങൾ ഉണ്ട്. ലോകമെമ്പാ ടുമുള്ള നിരവധി സ്വകാര്യ ശേഖരണക്കാരുടെ ശേഖരത്തിലുണ്ട് അദ്ദേഹത്തിന്റെ ചിത്രങ്ങൾ. കുട്ടികൾക്കായി അഞ്ച് പുസ്തകങ്ങൾ അദ്ദേഹം എഴുതി ചിത്രീകരിച്ചിട്ടുണ്ട്. 25 കോമിക് പുസ്തകങ്ങളും അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. 1300ലധികം പുസ്തകങ്ങളും അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. അടുത്തിടെ അദ്ദേഹം 'കനക അധ്യായന കേന്ദ്ര'ത്തിനായി 6 കുട്ടികളുടെ പുസ്തകങ്ങൾ ചിത്രീകരിച്ചിട്ടുണ്ട്. ●


NAAC
RCMAS
RAJAGIRI COLLEGE OF MANAGEMENT & APPLIED SCIENCES
8 DECENT WORK AND ECONOMIC GROWTH
4 QUALITY EDUCATION
RAJAGIRI COLLEGE OF MANAGEMENT AND APPLIED SCIENCES
KAKKANAD
Recognized under Section 2(f) of UGC
Department of English
in collaboration with
KERALA CARTOON ACADEMY
INAUGURATORY PANEL DISCUSSION
ON
THE LANGUAGE OF CARTOONS:
A DIALOGUE BETWEEN ART AND LITERATURE
PANELISTS FOR THE SESSION
MR. K. UNNIKRISHNAN
MR. SUDHEER NATH
MR. SAJJIVE BALAKRISHNAN
MR. RATHEESH RAVI
MR. ANOOP RADHAKRISHNAN
26 JUNE 2026, 10:00 AM
RCMAS CONFERENCE HALL
Faculty Coordinator
Ms. Geethu Johny
Student Coordinator
Ms. Avantika Rose Saju